"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജിയ്ക്ക് 2024-2025 സാമ്പത്തിക വർഷത്തിൽ ട്രെയിനിംഗ് ഗ്രാന്റ് ഇനത്തിൽ 95 ലക്ഷം രൂപ 2851-00-103-74(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.353/2024/ID തീയതി,തിരുവനന്തപുരം, 21-05-2024

---

പരാമർശം:-

1. കൈത്തറി ഡയറക്ടറുടെ 23.03.2024ലെ HL/660-P2 നമ്പർ കത്ത്.
2. 09.04.2024ന് നടന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.
3. 31.03.2025 വരെ കാലാവധിയുള്ള ഇ അനുമതി നം. AS Number : AS/IND/24/34193

**<u>ഉത്തരവ്</u>**

കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി) യ്ക്ക് നടപ്പ സാമ്പത്തിക വർഷം ട്രെയിനിംഗ് ഗ്രാന്റായി 95,00,000/- (തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ) വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനായി പരാമർശം (1) പ്രകാരം കൈത്തറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ സ്ഥാപിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി - കണ്ണൂർ കൈത്തറി വസ്ത്ര രംഗത്ത് മികച്ച സാങ്കേതിക വിദഗ്ധരെ പ്രദാനം ചെയ്യുന്നതിനായി AICTE അംഗീകാരത്തോടെ നിരവധി കോഴ്സുകളും പരിശീലന പരിപാടികളും നടത്തി വരുന്നു. ഇതിന് പുറമേ കേരള സർക്കാരും കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടറും ചുമതലപ്പെടുത്തുന്ന കൈത്തറി വസ്ത്ര രംഗവുമായി ബന്ധപ്പെട്ട വിവിധങ്ങളായ ട്രെയിനിംഗുകളും പ്രൊജക്ടുകളും ഗവേഷണാത്മക പദ്ധതികളും മറ്റ് സാങ്കേതിക സഹായങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് നടത്തി വരുന്നു.

3) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജിയുടെ 2024-25 സാമ്പത്തിക വർഷത്തെ പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.

1. കൈത്തറി മേഖലയിൽ നിലവിലെ നെയ്ത്തുകാർക്കുള്ള വൈദഗ്ധ്യ വികസന പരിശീലനം
2. പുതിയ നെയ്ത്തുകാരെ വാർത്തെടുക്കുന്നതിനുള്ള പരിശീലനം
3. ചിത്രക്കമ്പളം, കാർപ്പറ്റ് എന്നിവ നെയ്യുന്നതിനുള്ള പരിശീലനം
4. കൈത്തറി വസ്ത്ര നിർമ്മാണ മേഖലയിൽ പുതു സംരംഭകരെ വളർത്തിയെടുക്കുന്നതിനുള്ള പദ്ധതി
5. സ്ക്രീൻ ആന്റ് ബാത്തിക്ക് പ്രിന്റിംഗ് പരിശീലനം

5) 2024-25 സാമ്പത്തിക വർഷത്തെ പരിശീലന പരിപാടികൾക്കുള്ള ഗ്രാന്റ് ഇനത്തിൽ 2851-00-103-74(P) എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 352 ലക്ഷം രൂപയിൽ നിന്നും 95 ലക്ഷം രൂപ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയ്ക്ക് ട്രെയിനിംഗ് ഗ്രാന്റായി അനുവദിക്കുന്നതിനായി കൈത്തറി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

6) 07.04.2024ന് നടന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് കൈത്തറി ഡയറക്ടറുടെ പ്രൊപ്പോസൽ പരിഗണിയ്ക്കുകയും കണ്ണൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (IIHT) യ്ക്ക് ട്രെയിനിംഗ് ഗ്രാന്റായി 95 ലക്ഷം രൂപ 2851-00-103-74(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയ്ക്ക് (IIHT) ട്രെയിനിംഗ് ഗ്രാന്റായി 95,00,000/- (തൊണ്ണൂറ്റി അഞ്ച് ലക്ഷം) രൂപ 2851-00-103-74(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. പരിശീലനം നൽകുന്ന കുട്ടികളിൽ 70% സ്ത്രീകൾ ആണെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി എക്സിക്യൂട്ടീവ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

1. കൈത്തറി ഡയറക്ടർ, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, കണ്ണൂർ
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(G&SSA), കേരള, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ(A&E), കേരള, തിരുവനന്തപുരം

7. ധനകാര്യ(പ്ലാനിംഗ്-ബി) വകുപ്പ്

8. ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് (09.04.2024) തീയതിയിലെ വ്യവസായവകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം പ്രകാരം)

9. വ്യവസായ(ജെ) വകുപ്പ്

10. വിവര-പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar R
സെക്ഷൻ ഓഫീസർ
Date: 22-05-2024 14:27:28